ഫിഷറീസ് റിസോഴ്സ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടത്തുന്ന പരിപാടികൾ

11 (*251) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ടി. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് മത്സ്യവിഭവ പരിപാലനം, പരിരക്ഷ എന്നിവ ലക്ഷ്യമാക്കി എന്തെങ്കിലും പരിപാടികൾ ഏറ്റെടുത്തു നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് മത്സ്യത്തൊഴിലാളികളിൽ അവബോധമുണ്ടാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മത്സ്യമേഖലയിൽകണ്ടുവരുന്ന അമിതചൂഷണം, മത്സ്യത്തൊഴിലാളികളുടെ കടബാധ്യത, സാമ്പത്തിക പിന്നോക്കാവസ്ഥ, ആരോഗ്യസ്ഥിതി എന്നിവയെക്കുറിച്ച് സൊസൈറ്റി പഠനം നടത്തിയിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഉൾനാടൻ മത്സ്യമേഖലയിലെ അശാസ്ത്രീയമത്സ്യബന്ധനം, മത്സ്യസ്രോതസ്സുകളുടെ മലിനീകരണം കണ്ടൽകാടുകളുടെ നശീകരണം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് ശാശ്വതമായി പരിഹരിക്കാൻ സൊസൈറ്റി എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) മത്സ്യവിഭവസംരക്ഷണവും പരിപാലനവും ഫലപ്രദമാക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളും ഈ മേഖലയിൽ അവരുടെ പ്രാധാന്യവും ഉറപ്പു വരുത്തുവാനും വേണ്ടി "ജലപരിക്ഷ്ക്കരണ നിയമം" കൊണ്ടുവരുന്നതാണ്.

മത്സ്യസമ്പത്തിന്റെ അമിതചൂഷണം മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത, സാമ്പത്തിക പിന്നോക്കാവസ്ഥ, ആരോഗ്യസ്ഥിതി, എന്നിവയെക്കുറിച്ച് പഠനം നടത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതാണ്.

ഉൾനാടൻ മേഖലയിലുള്ള അമിത മത്സ്യബന്ധന സമ്മർദ്ദം, ജലമലിനീകരണം, അനധികൃത കായൽ കയ്യേറ്റം, പരിസ്ഥിതിക്ക് ഇണങ്ങാത്ത വികസനപ്രവർത്തനങ്ങൾ തുടങ്ങിയവമൂലം മത്സ്യവിഭവശോഷണം, വംശനാശഭീഷണി എന്നിവയെക്കുറിച്ച് പഠിച്ച് നിർദ്ദേശം നൽകാനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലാശയങ്ങളിലെ ജൈവപരിസ്ഥിതി നിലനിർത്തുന്നതിനും പരമ്പരാഗത മത്സ്യ സമ്പത്തിന്റെ വംശവർദ്ധനവിനും ഊന്നൽ നൽകികൊണ്ട് ആലപ്പാട് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി കണ്ടൽ വനങ്ങളുടെ സംരക്ഷണം-വികസനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ, ബ്ലോക്കുകൾ എന്നിവിടങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ മത്സ്യഫെഡ്, മത്സ്യബോർഡ്, മറ്റ് സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ വർദ്ധിച്ചുവരുന്ന അശാസ്ത്രീയമത്സ്യബന്ധന രീതികൾ, മലിനീകരണം, വിഭവസ്രോതസ്സുകളുടെ ശോഷണം, കണ്ടൽക്കാടുകളുടെ തിരോധാനം എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കാനുള്ള ഒരു പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്.

(ഡി) ഇല്ല. പഠനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. മത്സ്യങ്ങളുടെയും ചെമ്മീനുകളുടെയും സുരക്ഷിത നഴ്സറികളായി പ്രവർത്തിക്കുന്ന കണ്ടൽക്കാടുകൾ മത്സ്യോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ പറ്റിയ ആവാസവ്യവസ്ഥ പ്രദാനം ചെയ്യുന്നവയാണ്. പ്രസ്തുത സസ്യങ്ങളുടെ വൈവിദ്ധ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയുടെ ഭാഗമായി ആലപ്പാട് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി കണ്ടൽ കാടുകളുടെ സംരക്ഷണം, വികസനം, എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഉൾനാടൻ മേഖലയിൽ അമിത മത്സ്യബന്ധന സമ്മർദ്ദം, ജലമലിനീകരണം, പരിസ്ഥിതിക്കിണങ്ങാത്ത വികസനപ്രവർത്തനങ്ങൾ, അനധികൃത കായൽ കയ്യേറ്റം തുടങ്ങിയവമൂലം പല മത്സ്യങ്ങളും വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെക്കുറിച്ച് പഠിക്കാനും പ്രസ്തുത മത്സ്യങ്ങളുടെ പരിരക്ഷയ്ക്കായി നിർദ്ദേശങ്ങൾ നൽകാനും യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ മറ്റു സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൊല്ലം എസ്.എൻ. കോളേജ് സമരം സംബന്ധിച്ച് സിൻഡിക്കേറ്റ് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്

12 (*252) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ. കോളേജിലുണ്ടായ വിദ്യാർത്ഥി സമരത്തെപ്പറ്റി കേരള സർവ്വകലാശാല സിൻഡിക്കേറ്റ് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിഗമനങ്ങളിൽ പ്രസ്തുത കമ്മീഷൻ എത്തിച്ചേർന്നത് വസ്തുതകൾ കണക്കിലെടുക്കാതെയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly